**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1419** **16-10-2026-ൽ മറുപടിയ്ക്ക്**

**കാർഷിക ഉൽപ്പന്നങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഫൈസൽ ബാബു ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനുമായി നിലവിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; കർഷകരിൽ നിന്ന് നേരിട്ട് ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിപണനം ചെയ്യുന്ന സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**മറുപടി:**

**Answer to US Qn.1419**

കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും ഇടനിലക്കാരുടെ അനാവശ്യ ഇടപെടലും ചൂഷണവും ഒഴിവാക്കുന്നതിനുമായി സർക്കാർ വിവിധ വിപണി ഇടപെടൽ സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു.

കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവ ശക്തിപ്പെടുത്തുന്നതിനായി കൃഷി വകുപ്പിന് കീഴിലുള്ള വിവിധ ഏജൻസികളായ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രൊഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (Horticorp), വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (VFPCK) എന്നിവ മുഖേന കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു.

ഹോർട്ടികോർപ്പ് മുഖേന കർഷകരിൽ നിന്ന് പച്ചക്കറികൾ നേരിട്ട് സംഭരിച്ച് ന്യായവിലയ്ക്ക് വിപണനം നടത്തുന്നതിനായി വിവിധ വിപണി ശൃംഖലകളും വിലനിയന്ത്രണ ഇടപെടലുകളും നടപ്പിലാക്കുന്നു. ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയ്ക്ക് കീഴിൽ 78 സ്വന്തം സ്റ്റാളുകളും 192 ലൈസൻസി സ്റ്റോറുകളുമുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകൾ, മൊബൈൽ വിപണന സംവിധാനങ്ങൾ, ഉത്സവകാല വിപണി ഇടപെടലുകൾ എന്നിവ വഴി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നു.

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK), കർഷക സംഘങ്ങളെ ശക്തിപ്പെടുത്തി കർഷകരും ഉപഭോക്താക്കളും തമ്മിലുള്ള നേരിട്ടുള്ള വിപണന ബന്ധം ഉറപ്പാക്കുന്നതിനായി സ്വാശ്രയ കർഷക വിപണികൾ, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വിപണന സംവിധാനങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 295 സ്വാശ്രയ കർഷക സമിതികളാണ് VFPCK-യുടെ കീഴിൽ

പ്രവർത്തിച്ചുവരുന്നത്. കൂടാതെ, പഴം-പച്ചക്കറികളും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി നേരിട്ട് ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനായി 'സസ്യ' എന്ന പേരിൽ 47-ഉം, 'തളിർ ഗ്രീൻ' എന്ന പേരിൽ 63-ഉം ചില്ലറ വിൽപ്പനശാലകളും, 2 'തളിർ പ്രീമിയം' ഔട്ട്ലെറ്റുകളും VFPCK-യുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

വിപണിയിൽ ഉൽപ്പന്നങ്ങളുടെ വില അനിയന്ത്രിതമായി താഴ്ന്ന അവസരത്തിൽ കർഷകർക്ക് ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനായി 16 ഇനം വിളകൾക്ക് സർക്കാർ അടിസ്ഥാന വില നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. പച്ചത്തേങ്ങ, കൊപ്ര, റബ്ബർ, നെല്ല് തുടങ്ങിയ വിളകൾക്ക് സർക്കാർ താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടാതെ, കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന വിപണി സംവിധാനങ്ങളും ശക്തിപ്പെടുത്തി വരുന്നു:

1. ഇക്കോഷോപ്പുകൾ (Eco Shops - 521): കർഷക കൂട്ടായ്മകളിൽ നിന്ന് നേരിട്ട് കാർഷികഉൽപ്പന്നങ്ങൾ സംഭരിച്ച് പ്രാദേശിക തലത്തിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനം.
2. മൊത്തവ്യാപാര ഗ്രാമീണ/നഗര വിപണികൾ (Wholesale Rural/Urban Markets - 6): ഉൽപ്പന്നങ്ങളുടെ കേന്ദ്രീകൃത സംഭരണവും വിപണനവും ഉറപ്പാക്കി കർഷകർക്ക് മെച്ചപ്പെട്ട വിപണി ലഭ്യമാക്കുന്നതിനുള്ള സംവിധാനം.
3. എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ (A Grade Cluster Markets - 287): കർഷക കൂട്ടായ്മകളുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് ഗുണനിലവാര മാനദണ്ഡങ്ങൾ പാലിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനം.
4. ആഴ്ചച്ചന്തകൾ (Weekly Markets - 979): പ്രാദേശിക കർഷകരിൽ നിന്ന് നേരിട്ട് ഉൽപ്പന്നങ്ങൾ വാങ്ങി ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള വിപണി സംവിധാനം.
5. ഗ്രാമീണ, നഗര സ്ട്രീറ്റ് മാർക്കറ്റുകൾ (Rural and Urban Street Markets - 60): കർഷകർക്ക് പ്രാദേശിക വിപണിയിൽ നേരിട്ട് വിൽപ്പന നടത്തുന്നതിനുള്ള സൗകര്യം.
6. കേരള അഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ (Kerala Agro Branded Shops - 15): കർഷകരുടെയും കർഷക ഉൽപ്പാദക സംഘടനകളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് നൽകി വിപണി ലഭ്യമാക്കുന്നതിനുള്ള സംവിധാനം.

കർഷക ഉൽപ്പാദക സംഘടനകൾ (FPOs), സഹകരണ സ്ഥാപനങ്ങൾ, കാർഷിക സംരംഭകർ എന്നിവരെ പ്രോത്സാഹിപ്പിച്ചും സംഭരണ-സംസ്കരണ-മൂല്യവർദ്ധന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വിപണി ശൃംഖലകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു.

ഇത്തരത്തിലുള്ള നേരിട്ടുള്ള വിപണന സംവിധാനങ്ങളിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുകയും ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ഗുണമേന്മയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതോടൊപ്പം ഇടനിലക്കാരുടെ അനാവശ്യ ഇടപെടൽ കുറയ്ക്കാനും സർക്കാർ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**